(ബി) എലിപ്പനി, മഞ്ഞപ്പിത്തം, കോളറ, ചിക്കൻഗുനിയ, ഡെങ്കിപ്പനി, എച്ച്1 എൻ1, കുരങ്ങുപനി, എബോള തുടങ്ങിയ പകർച്ചവ്യാധികളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും വേണ്ടിയാണ് തുക ചെലവഴിച്ചത്. ഇതുകൂടാതെ കൊതുക് നശീകരണ പ്രവർത്തനങ്ങൾ, ബോധവത്ക്കരണം, ഗുളിക നൽകുക, സ്പ്രേയിംഗ്, ഫോഗിംഗ്, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, കീടനാശിനി തളിക്കൽ എന്നീ പ്രവർത്തനങ്ങൾക്കും മരുന്നുകൾ, ഉപകരണങ്ങൾ, ടെസ്റ്റ് കിറ്റുകൾ എന്നിവ വാങ്ങുന്നതിനും ചിലവഴിച്ചിട്ടുണ്ട്. ഓരോ വർഷവും തുക ചിലവഴിച്ചതിന്റെ കണക്ക് ചുവടെ ചേർക്കുന്നു :

2012 -13 - 283 ലക്ഷം

2013-14 - 987 "

2014-15 - 283 " (ജനുവരി 2015 വരെയുള്ള കണക്ക്)

യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്

94 (786) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിനെ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (സി.സി.എച്ച്.)-യുടെ സെക്കന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(സി) സി.സി.എച്ച്.-ന്റെ സെക്കന്റ് ഷെഡ്യൂളിൽപ്പെടാത്തതുമൂലം യൂണിവേഴ്സിറ്റിയിൽ നിന്നും പുതുതായി ബിരുദം നേടുന്നവരുടെ ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഇതുമൂലം പുതിയ നിയമനങ്ങളിൽ (പി.എസ്.സി., എംപ്ലോയ്മെന്റ് മുഖേന ഉൾപ്പെടെ) ഇവിടെനിന്നും ബിരുദം നേടിയവർക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ആവശ്യമായ രേഖകൾ സഹിതം സി.സി.എച്ച്-ന് അയയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) ഉണ്ട്.

(ഡി) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്-നെ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (സി.സി.എച്ച്.)-യുടെ സെക്കന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതോടെ ഉദ്യോഗാർത്ഥികൾക്കുള്ള ആശങ്കകൾ പരിഹരിക്കപ്പെടും.

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ നടപടി

95 (787) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

ഗൈനക്കോളജി യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻ/സിവിൽ സർജൻ ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് പട്ടിക തയ്യാറാക്കി സീനിയോറിറ്റി ക്രമത്തിൽമാത്രമേ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമനം നടത്താൻ കഴിയുകയുള്ളൂ. തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-ന്റെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം

96 (788) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഇല്ലായെന്ന് പറയാമോ ;

(ബി) ലാബ് സന്നദ്ധമല്ലാത്ത പി.എച്ച്.സി-കളിൽ ലബോറട്ടറികൾ സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly